# ജോർജ്ജിയൻ വോയ്സ്

GEORGIAN VOICE

ലക്കം 2 | സെപ്റ്റംബർ 2011 | പുസ്തകം 12




യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

## സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ

## കരിങ്ങാച്ചിറ



2011 സെപ്റ്റംബർ മാസം 14-ാം തീയതി 31-ാം സ്ഥാനാരോഹണ വാർഷികം ആഘോഷിക്കുന്ന യാക്കോബായ സഭയുടെ തലവൻ പരി. പാത്രിയർക്കീസ് ബാവായ്ക്ക് കരിങ്ങാച്ചിറ കത്തീഡ്രൽ യൂത്ത് അസോസിയേഷന്റെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ



# വായനക്കാരുടെ പ്രതികരണം

ജാതിമതഭേദമില്ലാതെ ഏവർക്കും ആലംബമാകുന്ന “കരിങ്ങാച്ചിറ മുത്തപ്പൻ” സന്നിധിയിൽ ശിരസ്സുനമിച്ച് പ്രാർത്ഥിയ്ക്കുമ്പോൾ കിട്ടുന്ന ആശ്വാസം വളരെവലുതാണ്. പള്ളിയുടെ ഭക്തസംഘടനകളിലൊന്നായ “യൂത്ത് അസോസിയേഷൻ, കാരുണ്യ പ്രവർത്തികൾ ചെയ്യുന്നതോടൊപ്പം “ജോർജ്ജിയൻ വോയ്സിൽ”ക്കൂടി അർത്ഥസമ്പുഷ്ടമായ ലേഖനങ്ങൾ, ഭക്തിനിർഭരമായ കവിതകൾ, സഭാപിതാക്കന്മാരെ അടുത്തറിയുവാനുള്ള ലേഖനങ്ങൾ, സന്ദർഭത്തിനനുയോജ്യമായ എഡിറ്റോറിയൽ എന്നിവ ഉൾപ്പെടുത്തി പ്രസിദ്ധീകരിയ്ക്കുന്നത് ഉചിതംതന്നെ. എല്ലാ ആശംസകളും നേരുന്നു.

ജയപ്രഭ പ്രദീപ്
പ്രിൻസിപ്പൽ, ഗ്രീഗോറിയൻ പബ്ലിക്സ്കൂൾ, മരട്



# ജോർജ്ജിയൻ വോയ്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമാൻ*

**റവ.ഫാ. റോയ്പോൾ**
**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**
**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**ബൈജു മാത്താറ**

*പ്രിന്റർ & പബ്ലിഷർ*

**ജിമ്മി കാവര**

*സബ് എഡിറ്റേഴ്സ്*

**കെ.പി. ഏലിയാസ്**
**രൻജി പോൾ**
**ഷൈജു പി.കെ.**


*സർക്കുലേഷൻ മാനേജർ*

**ലിജു പി.വി.**

## സെപ്റ്റംബർ 2011

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ
- ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ
- അഭിവന്ദ്യ സഖറിയാ മോർ പിലക്സിനോസ് മെത്രാപ്പോലീത്ത
- ദാരിദ്ര്യവും സമ്പത്തും നിത്യരാജ്യ പശ്ചാത്തലത്തിൽ
- മാലൂലയിലെ വി. തക്ല
- കുടയുക കയറുക...
- ഇടവകസംഗമം
- വിഞ്ജാനകൗതുകം





ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoices@gmail.com

ഐശ്വര്യത്തിന്റെയും ഗൃഹാതുരതയുടെയും ഓർമകളുയർത്തി വീണ്ടും ഒരു ഓണക്കാലം. കള്ളവും ചതിയുമില്ലാത്ത മാവേലിനാടിന്റെ ഓർമകൾ ഉണർത്തി നാം ഓണം എല്ലാ വർഷവും ആഘോഷമായി കൊണ്ടാടാറുണ്ട്. ലോകത്തിന്റെ ഏതു കോണി ലായും പൂക്കളവും പായസവുമൊക്കെയായി ഓണക്കാലം മലയാളി ആഘോഷിക്കും. എന്നാൽ കള്ളവും ചതിയുമില്ലാത്ത മാവേലി നാട് എന്നതു വെറും സങ്കൽപം മാത്രമായി അവശേഷിക്കുകയാണ്. അഴിമതിയും സ്വജനപക്ഷപാതവും നടമാടുന്ന നമ്മുടെ നാട്ടിൽ ഇന്നും എത്രയോ കുട്ടികൾ പട്ടിണികിടക്കുന്നു. സ്കൂളിന്റെ പടിപോലും കാണാത്ത എത്രയോ കുട്ടികൾ നമ്മുടെ നാടിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇങ്ങനെയുള്ള നമ്മുടെ സഹോദരങ്ങളെയും ആഘോഷ സമയത്തു നാം ഓർക്കേണ്ടതുണ്ട്. അഴിമതിക്കും മറ്റും എതിരെയുള്ള സമരങ്ങളെ അധികാരികളും ഗൗരവത്തോടെ സമീപിക്കണം. എല്ലാവരും ഒറ്റക്കെട്ടായി അഴിമതിയെന്ന വിപത്തിനെതിരെ പൊരുതേണ്ടത് ആവശ്യമാണ്.

കേരളത്തിന്റെ ദേശീയോത്സവമായ ഓണം ഓർമ പുതുക്കലിന്റെ ഒരു കാലവും കൂടിയാണ്. മറന്നു കൊണ്ടിരിക്കുന്ന ഒരു പാടു ശീലങ്ങൾ മലയാളി പൊടിതട്ടിയെടുക്കുന്നതും ഈ കാലത്താണ്. കാണം വിറ്റും ഓണം ഉണ്ണണമെന്ന പഴഞ്ചൊല്ല് അക്ഷരം പ്രതി പാലിക്കുന്ന മലയാ ളികൾ ഓണക്കാലത്ത് പട്ടിണികിടക്കുന്നവരെ സഹായിക്കാനും മുന്നിട്ടിറങ്ങേണ്ടതാണ്. പുതുവസ്ത്രങ്ങളണിഞ്ഞു സന്തോഷ ത്തോടെ ഓണമാഘോഷിക്കുന്ന നാം സമൂഹത്തിലെ അശരണരായ വർക്കു വേണ്ടിയും എന്തെങ്കിലും ചെയ്യേണ്ടതണ്ട്. ടെലിവിഷന്റെ മുന്നിൽ ഓണാഘോഷിച്ചു തീർക്കാതെ സമൂഹത്തിലിറങ്ങാൻ മലയാളികൾ തയാറാകണം. സ്വന്തം വീടും കുടുംബവും എന്നതിൽ ഒതുങ്ങുന്നതാണു മലയാളിയുടെ സാമൂഹ്യ ബോധം. ഈ അവസ്ഥയിൽ നിന്നും നാം ഇനിയെങ്കിലും മാറേണ്ടിയിരിക്കുന്നു. അത് ഈ ഓണക്കാലത്തു തന്നെ തുടക്കം കുറിക്കണം. എല്ലാ കാര്യത്തിലും രാജ്യത്തിൽ ഒന്നാമതു നിൽക്കുന്ന കേരളം ഇക്കാര്യത്തിലും മാതൃകയാകണം. എല്ലാവർക്കും ഓണാശംസകൾ നേരുന്നു.

# ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ



മിലിത്തിയോസ് യൂഹാനോൻ
മെത്രാപ്പോലീത്ത



വർഷങ്ങളായി കാനായിലെ (കൊത്ത്നേ) ആ ഭവനത്തിനടുത്ത് സ്ഥിതി ചെയ്തിരുന്ന ആ കിണറ്റിലെ വെള്ളത്തിനു യാതൊരു മാറ്റവും വന്നില്ല. യേശുക്രിസ്തുവിന്റെ കല്പനപ്രകാരം വെള്ളം കൽഭരണികളിലേക്ക് മാറ്റപ്പെട്ടപ്പോൾ പരിവർത്തനമുണ്ടാകുന്ന അത് മേൽത്തരമായ വീഞ്ഞായിമാറ്റപ്പെട്ടു. മറ്റുള്ളവരെ രുചിപ്പിക്കുന്ന സന്തോഷം പ്രദാനം ചെയ്യുന്ന വീഞ്ഞ്. അപ്രകാരം തന്നെ നാമിന്ന് ആയിരിക്കുന്ന അവസ്ഥയിൽ തുടരുമ്പോൾ നമുക്ക് യാതൊരു മാറ്റവുമുണ്ടാകുന്നില്ല. നമ്മുടെ ജീവിതത്തിൽ ക്രിസ്തുപ്രവർത്തിക്കാത്തിടത്തോളം, നാമവന്റെ മാറ്റത്തിനായുള്ള കല്പനഅനുസരിക്കാത്തിടത്തോളം നാം ആ കിണറ്റിൽ കെട്ടിക്കിടക്കുന്ന വെള്ളത്തിനുതുല്യമാണ്. വെള്ളം കിണറ്റിൽ നിന്ന് കൽഭരണികളിലേക്ക് വന്നപോലെ നാം പരി. സഭയിലേക്ക് മാറുമ്പോൾ നമ്മുടെ ജീവിതം മറ്റുള്ളവരെ ഉത്തേജിപ്പിക്കുന്നതായി, രുചിപകരുന്നതായിമാറുന്നു. ആകയാൽ നാം (1) ഇന്നു നിൽക്കുന്ന അവസ്ഥയിൽ നിന്നും മാറണം (2) കൽഭരണികളിലേക്ക് (സഭയിലേക്ക്) വരണം (3) കല്പനഅനുസരിക്കണം, വീഞ്ഞായിത്തീർന്നു മറ്റുള്ളവരെ ആത്മീകമായി സന്തോഷിപ്പിക്കണം.

വെള്ളത്തെ വീഞ്ഞാക്കിയവന് വീഞ്ഞിനെതന്റെ രക്തമാക്കിമാറ്റുവാനും കഴിയുമെന്നത് പിന്നീട് നടന്നതായ കുർബ്ബാനസ്ഥാപനത്തിൽ കൂടി നമുക്കു വ്യക്തമാകുന്നു. വസ്തുക്കളേയും മനുഷ്യരേയും മറ്റുള്ളവരുടെ നന്മയ്ക്കും പ്രയോജനത്തിനുമായി മാറ്റുന്നതിനുള്ള കർത്താവിന്റെ കഴിവ് ഇവിടെ വെളിപ്പെടുന്നു.

പരി. ദൈവമാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥനയും തന്റെ പുത്രനായ യേശുവിലുള്ള അവളുടെ സ്വാധീനവും മുഖപ്രസന്നതയും വേദാനുസരണമെന്ന പോലെ തന്നെ ചരിത്രപരമായും പാരമ്പര്യപരമായുംഅ ംഗീകരിക്കപ്പെട്ടഒ രുവ സ്തുതയാണ്.

പരി. മാതാവിന്റെ ഇഹലോകവേർപാടിന്റെ സമയത്ത് പിതാവായ ആദാം മുതലുള്ള സകല പിതാക്കന്മാരും പ്രവാചകന്മാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷമറിയിച്ചുകൊണ്ടിരുന്നവരായ ശ്ലീഹന്മാരും അവളുടെ കട്ടിലിനടുത്തു കൂടി വന്നുവെന്നും മിശിഹാതമ്പുരാൻ സകല മഹത്വത്തോടും ആകാശസൈന്യങ്ങളോടും കൂടി അവളെ കൂട്ടിക്കൊണ്ടുപോകുവാൻ എഴുന്നള്ളിവന്നുവെന്നും ചരിത്രവും പാരമ്പര്യവും സാക്ഷിക്കുന്നു. അപ്പോൾ മാതാവ് തന്റെ പുത്രനോട് എവിടെയെങ്കിലും മനുഷ്യർകൂടി എന്റെ ഓർമ്മ കഴിക്കയും എന്റെ നാമത്തിൽ കുർബ്ബാനചൊല്ലിക്കയും ചെയ്ത് എന്നിൽ സങ്കേതം പ്രാപിച്ചാൽ ആയവരുടെ കുർബ്ബാനകളേയും വഴിപാടുകളേയും അപേക്ഷകളേയും കണ്ണീരുകളേയും കൈക്കൊള്ളണമേ എന്നപേക്ഷിക്കയും മശിഹാതമ്പുരാൻ അപ്രകാരം ചെയ്യാമെന്നു വാക്കുകൊടുക്കയും ചെയ്തു. സഭ ദൈവമാതാവിന്റെ മധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നത് അങ്ങനെയുള്ള പ്രാർത്ഥനകളെ ദൈവം കൈക്കൊള്ളുമെന്നുള്ള ഉത്തമവിശ്വാസത്തിൻ പ്രകാരവുമാണ്. ഇക്കാലഘട്ടം വരെയും അത് തുടരുന്നു. അനേകർക്ക് ധാരാളം സാക്ഷ്യം പറയുവാനുമുണ്ട്. ആകയാൽ ദൈവമാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥനകർത്താവിനാൽ അംഗീകരിക്കപ്പെട്ടതും അനുവദിക്കപ്പെട്ടതും വേദാനുസൃതവും ചരിത്രപരവുമാണ്.

അവസാനിച്ചു

# ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ

ബെന്യാമിൻ മുളരിക്കൽ
റമ്പാൻ

കടലും കായലും തോടുകളും കൊണ്ട് പ്രകൃതിരമണീയമായ വൈപ്പിൻ കരയിലെ ചെറായി എന്ന കൊച്ചുഗ്രാമത്തിലെ പുരാതനമായ പുതുശ്ശേരി തറവാട്ടിൽ 1914 ജൂൺമാസം 12-ാം തീയതി ഭൂജാതനായി. പുരാതനദേവാലയമായ ചെറായി വി. മർത്തമറിയം വലിയപള്ളിയായിരുന്നു ഇടവക. അദ്ദേഹത്തിന്റെ ബാല്യകാല വിദ്യാഭ്യാസം ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിലായിരുന്നു. 1933 ൽ കോട്ടയം വലിയപള്ളിയിൽ വച്ച് അന്ത്യോഖ്യ പ്രതിനിധിഃ മാർയ ൂലീയോസ്ബ ാവായിൽന ിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. കോട്ടയം സി. എം.എസ്. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും ആലുവാ യുസി കോളേജിൽ നിന്ന് ബി.എ. ബിരുദവും സമ്പാദിച്ചു. പഠിച്ചുകൊണ്ടിരിക്കുമ്പോൾ ബഹു. പൗലോസ് ശെമ്മാശൻ അദ്ദേഹത്തിന്റെ മാതൃസഹോദരിയെ കാണുവാൻ കരിങ്ങാച്ചിറയിൽ വരുമ്പോൾ കരിങ്ങാച്ചിറ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുവാൻ ഉത്സാഹം കാണിച്ചിരുന്നു.



ഒരു ആസ്ഥാനമില്ലാതിരുന്ന കൊച്ചി ഭദ്രാസനത്തിന് മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കാൻ ആലുവായിലെ വലിയതിരുമേനി കരിങ്ങാച്ചിറ പള്ളിയിൽ ഭദ്രാസനയോഗം വിളിച്ചുകൂട്ടി. ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തത് മുളേരിക്കൽ വന്ദ്യ പൗലോസ് റമ്പാച്ചനെആയിരുന്നു. 1952 ൽ ബഹു. പുതുശ്ശേരിൽ പൗലോസ് അച്ചനെകണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്തയായി വാഴിച്ചു. 1964 ൽ പരി. യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് ബാവ ഔഗേൽ തീമോത്തിയോസിനെകാതോലിക്കയായി അഭിഷേകം ചെയ്തു. ഈ കാലഘട്ടത്തിൽ പുതിയ സിംഹാസനവാദവുമായി കാതോലിക്ക രംഗത്തുവന്നു. സഭാന്തരീക്ഷം കലുഷിതമായി. പുതിയ ഇടയന്മാരായി 1974 ൽ പെരുമ്പിള്ളി ഗീവർഗീസ് അച്ചനേയും സി.എം. തോമസ് അച്ചനേയും മെത്രാപ്പോലീത്തമാരായി പരി. യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ് ബാവ വാഴിച്ചു. സത്യവിശ്വാസം നിലനിർത്തുവാനും അന്ത്യോഖ്യാ മലങ്കര ബന്ധം സുദൃഢമാക്കുവാനും പൗലോസ് മോർ പീലക്സിനോസ് തിരുമേനിയെ 1975 സെപ്റ്റംബർ 7 ന് ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരിൽ പരി. പാത്രിയർക്കീസ് ബാവ വാഴിച്ചു. അങ്ങനെകാറും കോളും നിറഞ്ഞ സഭാന്തരീക്ഷത്തിൽ ശ്രേഷ്ഠ ബാവായുടെ ആഗമനം സഭാമക്കൾക്ക് വലിയ ആശ്വാസമായി. പരിശുദ്ധ സാഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കുവാനുള്ള മഹാഭാഗ്യം അദ്ദേഹത്തിന് സിദ്ധിച്ചത് മലങ്കരയിൽ ആർക്കും ലഭിച്ചിട്ടില്ലാത്ത സൗഭാഗ്യം.

കരിങ്ങാച്ചിറ പള്ളിയോട് ബാവാതിരുമേനിക്ക് അതിരറ്റ വാത്സല്യമായിരുന്നു. 1987 ഡിസംബർ 1-ാം തീയതി കരിങ്ങാച്ചിറ പള്ളിയുടെ പുനരുദ്ധാരണ പണികൾ നടത്തി ദേവാലയം സർവ്വശക്തനായ ദൈവത്തിന് കാഴ്ചയായി സമർപ്പിച്ച് വി. മൂറോൻ അഭിഷേകത്തിന് മുഖ്യകാർമ്മികത്വം വഹിച്ചത് ശ്രേഷ്ഠ ബാവാതിരുമേനിയാണ്. 83-ാം വയസ്സിൽ 1995 ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച അവസാനദിവ്യബലി അർപ്പിച്ചത് കരിങ്ങാച്ചിറ പള്ളിയുടെ പുണ്യപ്പെട്ട മദ്ബഹായിൽ ആയിരുന്നു. ശ്രേഷ്ഠ ബാവാ തിരുമേനി ഇന്ന് ദൈവതിരുസന്നിധിയിൽ നമുക്ക് വേണ്ടി മദ്ധ്യസ്ഥതയാചിച്ചുകൊണ്ട് വിശ്വാസാധിഷ്ഠിതമായ സമാധാനത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു. ബാവായുടെ പ്രാർത്ഥനനമുക്ക് കോട്ടയായിരിക്കട്ടെ.

ഈ വന്ദ്യപിതാവിന്റെ ഓർമ്മ സെപ്റ്റംബർ മാസം 1-ാം തീയതി കത്തീഡ്രലിൽ ആഘോഷിക്കുന്നു.

# അഭിവന്ദ്യ സഖറിയാ മോർ പിലക്സിനോസ് മെത്രാപ്പോലീത്ത



കോട്ടയം കുമരകം ദേശത്ത് ടി.കെ. ഇട്ടിയൻയും ശോശാമ്മ ദമ്പദികളുടെ പുത്രനായി 1972 ജനുവരി മാസം 29-ാം തീയതി അഭിവന്ദ്യ പിതാവ് ഭൂജാതനായി. കുമരകം സെന്റ് ജോസഫ് പള്ളി ഇടവകാംഗമാണ്. 1998 ഫെബ്രുവരി മാസം 22 ന് പുണ്യശ്ലോകനായ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും കുമരകം സെന്റ് ജോസഫ് പള്ളിയിൽ വച്ച് ശെമ്മാശപട്ടം സ്വീകരിച്ചു. 2000 ജൂലൈ മാസം 3-ാം തീയതി കോട്ടയം ഭദ്രാസനത്തിന്റെ അഭിവന്ദ്യ പിതാവായ ഡോ. തോമസ് മോർ തിമോത്തിയോസ് തിരുമേനിയിൽ നിന്നും കോട്ടയം സെന്റ് ജോസഫ് പള്ളിയിൽ വച്ച് വൈദീക പട്ടം സ്വീകരിച്ചു. 2010 ജനുവരി മാസം 3-ാം തീയതി കൊച്ചി ഭദ്രാസനആസ്ഥാനമായ കൃംതാ സെമിനാരിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായിൽ നിന്നും റമ്പാൻ സ്ഥാനം ലഭിച്ചു. 2010 ജനുവരി 4-ാം തീയതി പുത്തൻകുരിശ് പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവാ അഭി. സഖറിയാ മോർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. ഇപ്പോൾ അഭിവന്ദ്യ പിതാവ് മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി സേവനം അനുഷ്ഠിക്കുന്നു. യാക്കോബായ സഭയിലെ ആത്മീക പ്രസ്ഥാനങ്ങളുടെ തൂത്തുട്ടി ധ്യാനകേന്ദ്രം ഡയറക്ടർ എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു. ●

---

യാക്കോബായ സുറിയാനി സഭയിലെ ശ്രേഷ്ഠ പിതാക്കന്മാരെക്കുറിച്ചുള്ള ലഘുവിവരണത്തിൽ അടുത്തല ക്കത്തിൽ ഐസക് േ മാർഒ സ്താത്തിയോസ് മെത്രാപ്പോലീത്തയെക്കുറിച്ചുള്ളല ഘുവിവരണം പ്രസിദ്ധീകരിക്കുന്നതാണ്.

ചീഫ് എഡിറ്റർ

# ദാരിദ്ര്യവും സമ്പത്തും നിത്യരാജ്യ പശ്ചാത്തലത്തിൽ

ഡീക്കൻ ജോജി മാത്യു,
എം.എസ്.ഒ.ടി. സെമിനാരി

അന്നത്തെ സമൂഹത്തിൽ ഏത് ഐശ്വര്യങ്ങളുടെ ദൈവശാസ്ത്ര (Prosperity Theology) മായാണോ നിലനിന്നിരുന്നത് അതേ ഐശ്വര്യങ്ങളുടെ ദൈവ ശാസ്ത്രം (Prosperity Theology) തന്നെ ഇന്നത്തെ സമൂഹത്തിലും നിലനിൽക്കുന്നു. ഇന്ന് നമ്മൾ ആരെയൊക്കെയാണ് ഭാഗ്യവാൻമാരായി കാണുന്നത്? ധാരാളം പണമുള്ള ആളുകൾ, രാഷ്ട്രീയ അധികാരങ്ങളുള്ള ആളുകൾ, പാരമ്പര്യമായി സ്വത്തുക്കളുള്ള കുടുംബങ്ങൾ, ഉന്നത നിലവാരത്തിൽ ജീവിക്കുന്ന ആളുകൾ അവരെയൊക്കെയല്ലെ നമ്മൾ ഭാഗ്യവാൻമാരായി കാണുന്നത്. പക്ഷെ ക്രിസ്തു ഭാഗ്യവാൻമാരായി കാണുന്നത് ഒരു വീട് പോലുമില്ലാതെ അലഞ്ഞ് നടക്കുന്ന ആളുകളെയാണ്.അ പ്പോൾഎ ന്താണ്ന മ്മുടെ ചിന്തകളും ക്രിസ്തുവിന്റെ ചിന്തകളും തമ്മിലുള്ള വ്യത്യാസം? ക്രിസ്തു സംസാരിക്കുന്നത് മുഴുവനും നിത്യതയുടെ പശ്ചാത്തലത്തിലാണ്. നിത്യതയുടെ പശ്ചാത്തലത്തിലാണ് ഈ കഷ്ടപ്പെടുന്നവരും ദരിദ്രരുമൊക്കെ ഭാഗ്യവാൻമാരായി മാറുന്നത്. ഈ നിത്യതയുടെ പശ്ചാത്തലത്തിലേക്ക് നാം പ്രവേശിച്ച് കഴിയുമ്പോൾ മാത്രമേ ദരിദ്രരെ ഭാഗ്യവാൻമാരായിട്ട് കാണാൻ നമുക്ക് സാധിക്കുകയുള്ളൂ. ആ നിലനിൽക്കുന്ന ദൈവരാജ്യത്തിന്റെ പശ്ചാത്തലത്തിൽ മാത്രം അർത്ഥപൂർണ്ണമാകുന്ന ഒരു ഗ്രന്ഥത്തിന്റെ പേരാണ് സുവിശേഷം. അങ്ങനെയൊരു നിത്യതയുടെ പശ്ചാത്തലം ഇല്ല എങ്കിൽ വെറും ഭോഷത്വങ്ങൾ മാത്രം അടങ്ങിയ ഗ്രന്ഥമാണ് സുവിശേഷം.

ദരിദ്ര ജീവിതത്തിന് ഏറ്റവും നല്ല ഉദാഹരണം ക്രിസ്തു തന്നെയാണ്. ഒരു ദരിദ്രനും പറയാൻ സാധിക്കില്ല ഞാൻ ക്രിസ്തുവിനേക്കാൾ ദരിദ്രനാണെന്ന്. അത്രമാത്രം ദാരിദ്രത്തിലൂടെ ക്രിസ്തു കടന്ന് പോയി. അവൻ പിറന്നു വീണത് തന്നെ പശുവിന് പുല്ല് ഇട്ട് കൊടുക്കുന്ന പുൽതൊട്ടിയിലേക്കാണ്. എന്നിട്ടോ ഒരു അഭയാർത്ഥിയെപ്പോലെ ഈജിപ്റ്റിലേക്ക് ഓടിപ്പോകേണ്ടതായി വന്നു. പിന്നെ നസ്റേത്തിലേക്കുള്ള തിരിച്ച് വരവ്. അവിടെ കഠിനമായ ദാരിദ്രത്തിൽ ഒരു മരപ്പണിക്കാരനായിട്ട് അവൻ വളർന്നു. സുവിശേഷം അറിയിച്ച് പോയപ്പോൾ ആളുകൾ അവനോട് വന്ന് ചോദിച്ചു. നീ എവിടെയാണ് താമസിക്കുന്നത്? അവൻ പറഞ്ഞു 'കുറുനരികൾക്ക് മാളമുണ്ട് പറവകൾക്കാകാശമുണ്ട് മനുഷ്യപുത്രനോ തലചായ്ക്കാനിടമില്ല. കുരുവിപോലും കൂടുകെട്ടുന്ന ഈ ഭൂമിയിൽ ഒരു വീടില്ലാതെ ക്രിസ്തു കടന്ന് പോയി. തലമുടിയും താടിയും വളർത്തി അവൻ അലഞ്ഞ് നടന്നു. വളയാത്ത നട്ടെല്ലോടെ തലയുയർത്തി നിന്ന് സർവ്വലോകത്തോടുമായി അവൻ വിളിച്ച് പറഞ്ഞു.

"പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്ന് മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്" (വി.മത്തായി 6:19)

സമ്പത്തിൽ എന്തോ ഒരു വലിയ അപകടം പതിയിരിക്കുന്നു എന്ന നിലയിലാണ് ക്രിസ്തുവിന്റെ പെരുമാറ്റം. വി. മത്തായി 19:16-ൽ ധനികനായ ഒരു യുവാവ്വ ന്ന്്ര കിസ്തുവിനോട്േ ചാദിക്കുന്നു. "നിത്യജീവൻ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യണം?" എല്ലാ യഹൂദാ ഗുരുക്കന്മാരും പറയുന്നത്പോലെ ക്രിസ്തുവും പറഞ്ഞു. നീ കല്പനകളെ പാലിക്കുക. അതൊക്കെ ചെറുപ്പം മുതലേ ഞാൻ പാലിക്കുന്നതാണ്. ഇനിയും വല്ലതുമുണ്ടോ? ഒരു കുറവ് നിനക്കുണ്ട്. നിന്റെ ധനം; അത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക. എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. ധാരാളം സമ്പത്തുള്ളവൻ ആകകൊണ്ട് അത് വിതരണം ചെയ്യാനുള്ള മടികൊണ്ട് സങ്കടത്തോടെ അവൻ തിരിച്ചുപോയി.

അവൻ പോയി കഴിഞ്ഞപ്പോൾ ക്രിസ്തു തന്റെ ശിഷ്യന്മാരെ വിളിച്ച് പറയുന്നു. "ധനവാൻ സ്വർഗ രാജ്യത്തിൽ കടക്കുക എന്നതിനേക്കാൾ എളുപ്പമാണ് ഒട്ടകം സൂചിക്കുഴയിലൂടെ കടന്ന് പോകുന്നത്." (വി. മത്തായി 19:24)

അങ്ങിനെയെങ്കിൽ ധനവാന്മാർക്ക് സ്വർഗ്ഗരാജ്യപ്രവേശനത്തിന് എന്താണ് ചെയ്യേണ്ടത്? അതിനെക്കുറിച്ചും ക്രിസ്തു വ്യക്തമായി സംസാരിക്കുന്നുണ്ട്.' 'അനീതിയുടെസ മ്പത്തുകൊണ്ട്ന ിങ്ങൾ മിത്രങ്ങളെ സമ്പാദിപ്പിൻ..." (വി. ലൂക്കോസ് 16:9)

തുടരും...

# മാലൂലയിലെ വി. തക്ല

ഷെവ. സി.എ. വറുഗീസ്, ചെറുവുള്ളിൽ


രണ്ടായിരത്തിപത്ത് സെപ്റ്റംബർ മാസം 14–ാം തീയതി വിശുദ്ധ നാടുകൾ സന്ദർശിച്ച അവസരത്തിൽ മാലൂല എന്ന സ്ഥലവും സന്ദർശിക്കുവാനിടയായി. ഹോംസിൽ നിന്നും ബസ്സിൽ ഒന്നരമണിക്കൂർ യാത്ര ചെയ്താൽ മാലൂലയിലെത്താം. ഈ സ്ഥലത്തെ ഒരു പ്രത്യേകത ഇവിടുത്തെ ജനങ്ങൾ സംസാരിക്കുന്ന ഭാഷ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു സംസാരിച്ചുകൊണ്ടിരുന്ന അരാമിക് ഭാഷയാണ് എന്നുള്ള പ്രത്യേകതയാണ്. പ്രകൃതിരമണീയമായ ഈ സ്ഥലത്ത് ചെന്നാൽ മനോഹരങ്ങളായ വളരെ മൊട്ടക്കുന്നുകൾ കാണാം. ഈ കുന്നുകളുടെ ചരിവുകളിലാണ് ഇവിടെയുള്ള ആളുകൾ വീട് വച്ച് താമസിക്കുന്നത്.

ഏതു ഭവനത്തിൽ ചെന്നാലും കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിതരൂപം വീടിനു മുൻപിൽ കാണുവാൻ കഴിയുന്ന കാഴ്ച വളരെ പ്രത്യേകതതന്നെ.

എന്നിരുന്നാലും ഇവിടെയുള്ള ജനങ്ങൾ ഈ കുന്നിൻചരിവുകളിൽ വീടുവച്ച് താമസിക്കുവാൻ ഒരു പ്രത്യേകതയുണ്ട് എന്നാണ് ഞങ്ങൾക്കറിയുവാൻ സാധിച്ചത്.

അപ്പോസ്തലനായ വി. പൗലോസ് ശ്ലീഹായുടെ സുവിശേഷം കേട്ട് അദ്ദേഹത്തിന്റെ ശിഷ്യയായിത്തീർന്ന സ്ത്രീയായിരുന്നു വി. തക്ള. തക്ളയുടെ പിതാവ് ഐകോണിയ എന്ന പട്ടണത്തിലെ ഗവർണ്ണറായിരുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ച തക്ളയുടെ ജീവിതം ക്രിസ്തുവിനുവേണ്ടി സമർപ്പിച്ച ഒന്നായിരുന്നു. ഇതിൽ വെറിപൂണ്ട പിതാവ് മകളെ പലവിധത്തിലും ഉപദ്രവിച്ചുകൊണ്ടിരുന്നു. ഒടുവിൽ തക്ളയെ ആ രാജ്യത്തു നിന്നും നാട്കടത്തി. തക്ളയെ കൊല്ലുന്നതിന് ഭടൻമാരെ ഏൽപിച്ചു. തക്ള അവിടെ നിന്നും ഓടിപ്പോയി. ഓടിഓടി ക്ഷീണിച്ച് അവശയായ അവൾ ചെന്നുനിന്നത് ഒരു വലിയ മലയുടെ അടിവാരത്താണ്. ഭടൻമാർ പിറകെ വരുന്നത് കണ്ട് "ഇപ്പോൾ എന്നെ അവർ കൊല്ലുമല്ലോ" എന്നോർത്ത് ഭയന്ന് കൈകൂപ്പി എന്റെ കർത്താവും രക്ഷിതാവുമായ ദൈവമേ ഞാൻ നിന്നോട് ചേരുവാൻ ആഗ്രഹിക്കുന്നു നിന്റെ ദാസിയുടെ ആത്മാവിനെസ്വീകരിക്കണമേ എന്നു പറഞ്ഞ് മുട്ടിൻമേൽ നിന്നു പ്രാർത്ഥിച്ചു.

ഉടനെതന്നെ ആകാശത്തുനിന്നും ഇടിയും മിന്നലും ഉണ്ടാവുകയും മല രണ്ടായി പിളരുകയും ചെയ്തു. അതിൽ കൂടി ഓടി മലയുടെ മറുവശത്ത് എത്തിയ തക്ള കണ്ടത് തന്നെ കൊല്ലുവാൻ പിറകെ വന്ന ഭടൻമാർ മുഴുവനും വീണ്ടും ഒന്നായിത്തീർന്ന മലയ്ക്കുള്ളിൽപ്പെട്ടു മരിക്കുന്ന കാഴ്ചയാണ്. തുടർന്ന് മലഞ്ചെരുവുകളിലുള്ള ജനങ്ങളുടെ ഇടയിൽ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിച്ച് അവൾ ജീവിച്ചുപോന്നു. ഇതിൽ കൂടുതൽ കുപിതനായ ഗവർണ്ണർ അവളെ ചുട്ടുകൊല്ലുന്നതിന് പിടിച്ചുകെട്ടി കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ചുട്ടുകൊല്ലുന്നതിനുവേണ്ടി അവളെ തീച്ചൂളയിലിട്ടു. അഗ്നിക്കിരയാക്കപ്പെട്ട് തക്ള മരിച്ചു എന്ന് എല്ലാവരും കരുതി. എന്നാൽ അൽപസമയം കഴിഞ്ഞപ്പോൾ തക്ള പഴയരൂപത്തിൽ തന്നെ തീയിൽ നിന്നും പുറത്തുവരുന്ന അത്ഭുത കാഴ്ചയാണ് കാണുവാൻ കഴിഞ്ഞത്. ആ സംഭവത്തോടുകൂടി തക്ള ഒരു വിശുദ്ധയായിതീർന്നു. തുടർന്ന് ആ രാജ്യത്ത് സുവിശേഷ വേലചെയ്ത് ആ മലമുകളിൽ വച്ച് തന്നെ തക്ള മരിച്ച് അവിടെ കബറടക്കപ്പെട്ടു. വി. തക്ളയുടെ കബർ വണങ്ങുന്നതിനും അവിടെ നിന്നും ലഭിച്ച തീർത്ഥജലം കുടിക്കുന്നതിനുമുള്ള ഭാഗ്യം നിത്യനായ ദൈവം എനിക്ക് തന്നുവല്ലോ എന്നോർത്ത് ദൈവത്തിന് ആയിരമായിരം സ്തുതി കരേറ്റുന്നു. ●



മല്ലപ്പിള്ളിൽ എം.വി. പത്രോസ് വരച്ച
വി. ഗീവർഗീസ് പുണ്യാളന്റെ ചിത്രം



# കുടയുക കയറുക...




ഡോ. സിവി വി. പുലയത്ത് M.D.S.



“എന്തായാലും ഈ കഴുതക്കു പ്രായമായി. കാര്യം ശരിയാണ് 10-12 വർഷം എന്റെ ചുമടു മുഴുവൻ ചുമന്നതാ... പക്ഷേ ഇപ്പോൾ ഒരു പണിയും എടുക്കാനുള്ള ആരോഗ്യമില്ല. പിന്നെ വെറുതെ എന്തിനാണു ഞാനിതിനെരക്ഷപ്പെടുത്തി തീറ്റിപ്പോറ്റുന്നത്?”

മുറ്റത്തുള്ള പൊട്ടക്കിണറ്റിലേക്കു നോക്കി അലക്കുകാരൻ കുഞ്ഞാപ്പു ചിന്താമഗ്നനായി. അബദ്ധത്തിൽ പൊട്ടക്കിണറ്റിൽ വീണപ്പോൾ ഉളുക്കിയ കാലിന്റെ വേദനസഹിച്ച് കുഞ്ചൻ കഴുത മുകളിലേക്കു നോക്കി. രക്ഷപ്പെടുത്താൻ മുതലാളി ഇപ്പോൾ തന്നെ ഗോവണിയിൽ ഇറങ്ങി വരും. വരില്ലേ...? വരാതിരിക്കില്ല!

മുഖമടച്ച് വീണ ഒരു കുട്ട ചെളിയാണ് കുഞ്ചനെ മയക്കത്തിൽ നിന്ന് എഴുന്നേൽപ്പിച്ചത്. എന്താണെന്നു പിടി കിട്ടുന്നതിന് മുമ്പ് വീണ്ടും വീണു ഒരു കുട്ട മണ്ണുകൂടി തലയിൽ! പാവം കഴുതയുണ്ടോ അറിയുന്നു. അവന്റെ യജമാനൻ അവനെജീവനോടെ കുഴിച്ചുമൂടാൻ ശ്രമിക്കുകയാണെന്ന്!

അലക്കുകാരൻ കുഞ്ഞാപ്പു, തന്നെ സഹായിക്കാനെത്തിയവരെ പ്രോത്സാഹിപ്പിച്ചു കൊണ്ടു പറഞ്ഞു.

“ഇന്ന് എല്ലാവർക്കും ഊണ് എന്റെ വക. ആ പൊട്ടക്കിണറും മൂടി കിട്ടും, കിഴവൻ കഴുതയേയും കുഴിച്ചു മൂടാം. വേഗമാകട്ടെ ദാ പിടിച്ചോ അടുത്ത കുട്ട മണ്ണ്.”

കുഞ്ചൻ കഴുത വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല. തന്റെ തലയിൽ വീണ ചെളിമണ്ണ് കുടഞ്ഞു കളഞ്ഞിട്ട് ആ മൺതിട്ടയിൽ കയറി നിന്നു മുകളിലേക്കു നോക്കി. വീണ്ടും വന്നാലും നേരിടാനുള്ള ചങ്കൂറ്റത്തോടെ...

പൊട്ടക്കിണറ്റിൽ മണ്ണു നിറഞ്ഞുവന്നെങ്കിലും അതു കുഞ്ചനെകുഴിച്ചു മൂടാൻ പര്യാപ്തമായിരുന്നില്ല. തന്റെ ദേഹത്തു വീഴുന്ന ഓരോ തരി മണ്ണും കുടഞ്ഞു കളഞ്ഞ് അതിൽ ചവിട്ടി അവൻ ഉയർന്നു വന്നു.

കുഞ്ഞാപ്പുവും കൂട്ടരും കഷ്ടപ്പെട്ട് പൊട്ടകിണർ മൂടി തീർന്നപ്പോഴേക്കും എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്ത് കുഞ്ചൻ കഴുത വിജയശ്രീലാളിതനായി പുറത്തു വരികയും ചെയ്തു.

ഇതു തന്നെയാണു സുഹൃത്തുക്കളേ ജീവിത പ്രശ്നങ്ങളിൽ തളർന്നു പോകുന്നുവർക്ക് നൽകാനുള്ള എന്റെ സന്ദേശവും.

കുഞ്ചൻ കഴുതയുടെ കഥയിലൂടെ പ്രാസംഗികൻ ശ്രോതാക്കൾക്ക് വലിയൊരു ജീവിത വിജയ രഹസ്യം പകർന്നു നൽകുകയായിരുന്നു.

“നമ്മുടെ ജീവിതത്തിൽ അനേകം പ്രശ്നങ്ങളും, വിമർശനങ്ങളും ചെളിയായി തലയിൽ പതിക്കുമ്പോൾ അതിനെകുടഞ്ഞു കളഞ്ഞിട്ട് ആത്മവിശ്വാസത്തോടെ ഉയർന്നു വരാൻ നമുക്കു കഴിയണം” അദ്ദേഹം പറഞ്ഞു നിർത്തി.

നിസ്സാര കാര്യങ്ങളിൽ പോലും ആത്മവിശ്വാസം നഷ്ടപ്പെട്ട് നിരാശരായി കഴിയുന്നവർക്ക് കുഞ്ചൻ കഴുതയുടെ ബുദ്ധിയെങ്കിലും ഉണ്ടായിരുന്നെങ്കിൽ...

## വാർത്തകൾ

### യൂത്ത് അസോസിയേഷൻ ഭവനനിർമ്മാണം തറക്കല്ലിട്ട് തുടക്കം കുറിച്ചു



ആതുരസേവനരംഗത്ത് എന്നെന്നും തിളങ്ങി നിൽക്കുന്ന കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 4-ാമത്തെ ഭവനനിർമ്മാണ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ആഗസ്റ്റ് മാസം 15-ാം തീയതി വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ ദിവസം രാവിലെ 11 മണിക്ക് കത്തീഡ്രൽ വികാരി ഫാ. ഷമ്മി ജോൺ തറക്കല്ലിട്ടു ആശീർവ്വദിച്ചു. റവ.ഫാ. റോയി പോൾ, ട്രസ്റ്റിമാരായ പി.പി. തങ്കച്ചൻ, ഷെവ. സി.എ. വർഗീസ് മുൻ മാനേജർ ഷെവ. സി. എം. കുര്യൻ, യൂത്ത് അസോസിയേഷൻ സെക്രട്ടറി ബൈജു മാത്താറ ജോയിന്റ് സെക്രട്ടറി അജു എം.സി. വാർഡ് കൗൺസിലർ കെ.വി. സാജു മുൻ യൂത്ത് അസോസിയേഷൻ സെക്രട്ടറിമാരായ പി. പി. പത്രോസ്, സി.പി. ബെന്നി, ജോബ് ടി വർഗീസ്, ജീവൻ മാലായിൽ, പി.സി. വർഗീസ്, എൽദോ ഐക്യനാട്ട്, അനീഷ്, ലിജു പിവി പൊതുയോഗ മെമ്പർമാരായ ബേബി മുക്കത്ത്, എം.സി. സാബു, പി.പി. ജോർജ്ജുകുട്ടി, പി.എം. ജോസ് എന്നിവർ സംബന്ധിച്ചു.



### അഖിലമലങ്കര സുവിശേഷ സംഘം പ്രസിഡന്റ്

യാക്കോബായ സഭയുടെ അഖില മലങ്കര സുവിശേഷസംഘം പ്രസിഡന്റായി അഭിവന്ദ്യ ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ തിരഞ്ഞെടുത്തു.

### സ്ലീബ പെരുന്നാൾ

കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ സെപ്റ്റംബർ മാസം 14 -ാം തീയതി ബുധനാഴ്ച നടത്തപ്പെടുന്നു. രാവിലെ 7 ന് പ്രഭാതപ്രാർത്ഥന, 7.30 ന് വി. കുർബ്ബാന, ധൂപപ്രാർത്ഥന തുടർന്ന് പ്രദക്ഷിണം അവൽ നേർച്ച എന്നിവ ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം കത്തീഡ്രലിന്റെ കീഴിലുള്ള കരിങ്ങാച്ചിറ, ഇരുമ്പനം, ചിത്രപ്പുഴ കുരിശുപള്ളികളിൽ വൈകീട്ട് 6.30 ന് പാച്ചോർ നേർച്ച വിതരണം ചെയ്യുന്നതാണ്.

### കോതമംഗലം തീർത്ഥയാത്ര

ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രമായ കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നിന്നും കോതമംഗലം മാർ തോമൻ ചെറിയപള്ളിയിൽ കബറടങ്ങിയ വി. യൽദോ മോർ ബസേലിയോസ് ബാവായുടെ കബറിങ്കലേക്കുള്ള തീർത്ഥയാത്ര ഒക്ടോബർ മാസം 2-ാം തീയതി ഞായറാഴ്ച രാവിലെ 6 മണിക്ക് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുഗ്രഹ ആശീർവ്വാദത്തോടെ കരിങ്ങാച്ചിറ കത്തീഡ്രലിൽ നിന്നും പുറപ്പെടും.

### തിരഞ്ഞെടുത്തു



കൊച്ചിഭദ്രാസനയൂത്ത്അ സോസിയേഷൻ സെക്രട്ടറിയായി ബൈജു മാത്താറയെ തിരഞ്ഞെടുത്തു. കൊച്ചി ഭദ്രാസനആസ്ഥാനമായ കൃംതാ സെമിനാരിയിൽ ചേർന്ന പൊതുയോഗത്തിൽ ഇടവക മെത്രാപ്പോലീത്ത ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ഫാ. സക്കറിയ ഓണേരിൽ (യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് കൊച്ചി ഭദ്രാസനം) ഫാ. ഇമ്മാനുവേൽ, ഫാ. സാംസൺ മേലോത്ത്, ഫാ. സെബുപോൾ, ഫാ. ജെയിംസ് പത്രോസ് എന്നിവർ നേതൃത്വം നൽകി. കത്തീഡ്രൽ യൂണിറ്റ് സെക്രട്ടറി സഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ അന്ത്യോഖ്യവിശ്വാസസംരക്ഷകൻ കേന്ദ്ര കമ്മിറ്റി മെമ്പർ, യൂത്ത് അസോസിയേഷൻ കേന്ദ്ര കമ്മിറ്റി മെമ്പർ, ജോർജ്ജിയൻ വോയ്സ് മാസിക ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്ന ശ്രീ. ബൈജു മാത്താറയ്ക്ക് കത്തീഡ്രൽ യൂത്ത് അസോസിയേഷന്റെ അഭിനന്ദനങ്ങൾ.

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി




കരിങ്ങാച്ചിറ കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ജോർജ്ജ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ആഗസ്റ്റ് മാസം 7-ാം തീയതി നടത്തപ്പെട്ട മെഡിക്കൽ ക്യാമ്പ് മന്ത്രി ശ്രീ. ടി.എം. ജേക്കബ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന് 12-ാളം വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി. 200-ാളം പേർ ക്യാമ്പിൽ പങ്കെടുത്തു.

---

## ട്രോഫികൾ

### കലാമത്സരങ്ങൾ

1. സെന്റ് കുര്യാക്കോസ് 2. സെന്റ് ജേക്കബ്
3. മോർ പോളി കാർപ്പസ് & മൗണ്ട് താബോർ

### കായിക മത്സരങ്ങൾ

1. സെന്റ് ജേക്കബ് 2. സെന്റ് കുര്യാക്കോസ്
3. മോർ ഗ്രീഗോറിയോസ്

### റാലി

1. മോർ കൂറിലോസ് 2. സെന്റ് അഫ്രേം
3. സെന്റ് ജേക്കബ്

### ടാബ്ലോ

1. സെന്റ് ജേക്കബ് 2. മോർ കൂറിലോസ്
3. സെന്റ് അഫ്രേം

### പ്രോത്സാഹനസമ്മാനം - 500

1. ഇസ്രായേൽ
2. മോർ കുര്യാക്കോസ്
3. മോർ സ്തേഫാനോസ്
4. ബെദ്സൈദ
5. ബസേലിയോസ്

ഏറ്റവും കൂടുതൽ ചാരിറ്റി പ്രവർത്തനം നടത്തിയ യൂണിറ്റ് 284667 രൂപ ചിലവഴിച്ച മോർ കൂറിലോസ്.


തബീഥാ സെന്ററിലേക്ക് ഏറ്റവും കൂടുതൽ തുക സമാഹരിച്ച് നൽകിയ യൂണിറ്റ് 45,200 രൂപ - സെന്റ് അഫ്രേം

**2010-2011 ൽ ഏറ്റവും നല്ല കുടുംബയൂണിറ്റായി തിരഞ്ഞെടുത്തത്**

1. സെന്റ് അഫ്രേം 2. മോർ കൂറിലോസ്
3. സെന്റ് ജേക്കബ്

# പാവനസ്മരണയ്ക്ക്

**33-ാം ചരമവാർഷികം (7.9.2011)**



**കെ.പി. വർക്കി**
കാവര, ഇരുമ്പനം

**15-ാം ചരമവാർഷികം (18.9.2011)**



**അന്നമ്മ വർക്കി**
കാവര, ഇരുമ്പനം

*സന്തപ്തകുടുംബാംഗങ്ങൾ*

## കർഷകദിനം ആഘോഷിച്ചു



ചിത്രപ്പുഴ കെ.സി.എൽ.പി. സ്കൂളിൽ ചിങ്ങം ഒന്ന് കർഷകദിനം ആഘോഷിച്ചു. തബീഥാ സെന്ററിലെ അന്തേവാസിയും മുതിർന്ന കർഷകനുമായ ശ്രീ. പൗലോസ് കാർഷികാനുഭവങ്ങൾ കുട്ടികളുമായി പങ്കുവച്ചു. ശ്രീ. എൽദോസ് വി. ഐസക് മുതിർന്ന കർഷകനെപൊന്നാടയണിയിച്ച് ആദരിച്ചു. ശ്രീമതി ലിനി വർഗീസ് നന്ദി പ്രകാശിപ്പിച്ചു.

## സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

ഭാരതത്തിന്റെ 65-ാം സ്വാതന്ത്ര്യദിനം ചിത്രപ്പുഴ കെ.സി.എൽ.പി. സ്കൂളിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. രാവിലെ 9 ന് സ്കൂൾ മാനേജർ ശ്രീ. പി.പി. തങ്കച്ചൻ ദേശീയപതാക ഉയർത്തി. 10 ന് പെരുന്നിനാകുളം ക്ഷേത്രമൈതാനിയിൽ നിന്നും സ്വാതന്ത്ര്യദിനറാലി ആരംഭിച്ചു. സ്കൂൾ മാനേജർ ശ്രീ.പി.പി. തങ്കച്ചൻ മുൻസിപ്പൽ കൗൺസിലർ ശ്രീ.സി.കെ. ശശി, പി.ടി.എ. പ്രസിഡന്റ് ടി.കെ. സന്തോഷ്, മാതൃസംഗമം ചെയർപേഴ്സൺ പ്രസന്ന ഹരിദാസ് ഹെഡ്മാസ്റ്റർ സാബു വർഗീസ് എന്നിവർ നേതൃത്വം നൽകി.



സ്വാതന്ത്ര്യദിനറാലിക്ക് സ്കൂൾ മാനേജർ ദേശീയ പതാക കൈമാറുന്നു.

### ആഗസ്റ്റ് ലക്കം വിഞ്ജാനകൗതുകം ശരിയുത്തരങ്ങൾ

(1) എബ്രായർ (2) മോർ അപ്രേം (3) ജനുവരി 6 (4) എസ്തേർ (5) സമാധാനം വരുത്തുന്നവൻ (6) വി. ലൂക്കോസ് (7) ഡിസംബർ 25 (8) വി. പത്രോസ് (9) സ്തുതിപ്പ്

## 4-ാം ചരമവാർഷികം (2.9.2011)



**കെ.റ്റി. ജോയി**
കരോട്ട് വീട്, തിരുവാങ്കുളം

സന്തപ്തകുടുംബാംഗങ്ങൾ

## 10-ാം ചരമവാർഷികം (27.9.2011)



**എം.വി. രാജു**
മൈക്കാട്ടിൽ ഹൗസ്, മറ്റക്കുഴി, വരിക്കോലി

സന്തപ്തകുടുംബാംഗങ്ങൾ



ഡൽഹി ഭദ്രാസനമെത്രാപ്പോലീത്ത അഭി. ഐസക് മാർ ഒസ്താത്തിയോസ് തിരുമേനി ഇടവകസംഗമം 2011 ഉദ്ഘാടനം ചെയ്യുന്നു.




ഇടവകസംഗമദിനത്തിൽ കുടുംബയൂണിറ്റുകളുടെ റാലി ഇടവക മെത്രാപ്പോലീത്ത ഡോ. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി ഫ്ളാഗ്ഓഫ് ചെയ്യുന്നു.

ഇടവകയ്ക്കാകമാനം ഉണർവ്വു നൽകിയ ഇടവക സംഗമത്തിനു മുന്നോടിയായി നടന്ന റാലിയിൽ വിവിധതരം ഫ്ളോട്ടുകൾ, പ്രച്ഛന്നവേഷങ്ങൾ, യൂണിഫോമണിഞ്ഞ യൂണിറ്റംഗങ്ങൾ എന്നിങ്ങനെഅണിനിരന്നു. ബാനറുകൾക്ക് പിന്നിലായി അണിനിരന്ന യൂണിറ്റംഗങ്ങൾ റാലിയെ ചിട്ടയുള്ളതാക്കി. കർത്താവിന്റെ കുരിശിനെയും തിരുവചനത്തെയും പിൻപറ്റിയുള്ള റാലിയുടെ മുൻനിരയിൽ ബഹു. വികാരിമാർ കൈക്കാരന്മാർ, അത്മായ വൈസ് പ്രസിഡന്റ്, കോ–ഓഡിനേറ്റർമാർ എന്നിവർ പാത്രിയർക്കാ പതാകയേന്തി നിരന്നു. റാലിയുടെ സമാപനത്തോടെ നടന്ന സ്നേഹവിരുന്നിൽ എല്ലാവരും പങ്കുചേർന്നു. തുടർന്ന് നടന്ന സമാപനസമ്മേളനം ഐസക് മോർ ഒസ്താത്തിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. വികാരിമാരായ റവ.ഫാ. ഷമ്മിജോൺ, റവ.ഫാ. റോയിപോൾ, റവ.ഫാ. വർഗീസ് പുലയത്ത്, കൈക്കാരന്മാരായ പി.പി. തങ്കച്ചൻ, ഷെവ. സി.എ. വർഗീസ്, അൽമായ വൈസ് പ്രസിഡന്റ് സി.പി. ബാബു എന്നിവർ സംബന്ധിച്ചു. തുടർന്ന് യൂണിറ്റംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

# ഇടവകസംഗമം








കരിങ്ങാച്ചിറ കത്തീഡ്രൽ
മാർത്തോമ കുടുംബയൂണിറ്റ്


15
സെന്റ്. പോൾസ് കുടുംബ യൂണിറ്റ്
മാസത്തിലെ 4-ാമത്തെ ഞായറാഴ്ച


3
മോർ കുര്യാക്കോസ്
കുടുംബ യൂണിറ്റ്
കരിങ്ങാച്ചിറ




3
മോർ കുര്യാക്കോസ്
കുടുംബ യൂണിറ്റ്




8


17















# വിഞ്ജാനകൗതുകം

ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ

1. "ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിയ്ക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു" പൗലോസ് അപ്പോസ്തോലൻ തന്റെ ഏതു ലേഖനത്തിലാണ് ഇപ്രകാരം പ്രസ്താവിച്ചിരിയ്ക്കുന്നത്?
   a. 1 കൊരിന്ത്യർ b. ഗലാത്യർ c. റോമർ
2. മശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ച തുബ്ദേനിൻ ഓർക്കപ്പെടുന്ന പിതാവ്
   a. മോർ അത്താനാസ്യോസ് b. മോർ കൂറിലോസ് c. മോർ ക്ലമ്മീസ്
3. "എഴുന്നേറ്റ് പണിയുക" യരുശലേമിന്റെ മതിലുകളെ പണിയുവാൻ ആഹ്വാനം ചെയ്യുന്ന പ്രവാചകൻ ആര്?
   a. ആമോസ് b. മാലാഖി c. റൗഹമ്യാവ്
4. "അവങ്കലേയ്ക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല" ഏത് സങ്കീർത്തന കർത്താവാണ് ഇപ്രകാരം പറയുന്നത്?
   a. മോശ b. ആസാഫ് c. ദാവീദ്
5. "നീ വായിയ്ക്കുന്നത് ഗ്രഹിയ്ക്കുന്നുവോ?" എത്യോപ്യക്കാരനായ ഷണ്ഡനോട് ആരാണ് ഇപ്രകാരം ചോദിച്ചത്?
   a. പത്രോസ് b. ഫിലിപ്പോസ് c. പൗലോസ്
6. വിശുദ്ധസ്ഥലത്തിനും ബലിപീഠത്തിനും മദ്ധ്യേവച്ച് കൊല്ലപ്പെട്ടയാൾ
   a. സെഖര്യാവ് b. യെശയ്യാവ് c. യിരമ്യാവ്
7. "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" കർത്താവ് ആരോടാണ് ഇപ്രകാരം പറഞ്ഞത്?
   a. യായിറോസിനോട് b. നയിനിലെ വിധവയോട് c. മാർത്തയോട്
8. 'മദ്ബഹാ' ഈ വാക്കിന്റെ അർത്ഥമെന്ത്?
   a. ബലിപീഠം b. സിംഹാസനം c. കരുണയുടെ വാതിൽ
9. "നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം" പഴയ നിയമത്തിലെ ഈ ശബ്ദം ആരുടേതാണ്?
   a. നവോമി b. രൂത്ത് c. എസേഫർ

*ഇവിടെ മുറിക്കുക*

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1. | A ☐ | B ☐ | C ☐ | 2. | A ☐ | B ☐ | C ☐ | 3. | A ☐ | B ☐ | C ☐ |
| 4. | A ☐ | B ☐ | C ☐ | 5. | A ☐ | B ☐ | C ☐ | 6. | A ☐ | B ☐ | C ☐ |
| 7. | A ☐ | B ☐ | C ☐ | 8. | A ☐ | B ☐ | C ☐ | 9. | A ☐ | B ☐ | C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.09.2011.

പേര് ..........................................................
വിലാസം ..........................................................
..........................................................
..........................................................
ഫോൺ ..........................................................
കുടുംബയൂണിറ്റ് ..........................................................

# 1-ാം വിവാഹ വാർഷികം
# 12.09.2011



**ഷാൻവർഗീസ് & സ്വപ്നഷാൻ**
ഇടപ്പിള്ളിമറ്റത്തിൽ വീട്
തിരുവാങ്കുളം

*ആശംസകളോടെ:*
ബെത്സെദ കുടുംബയൂണിറ്റ്

# SMILE®

## Foundation

Estb 1992

- SMILE Project (Social Movement to Implicate dentaL hygeniE)
- PEPSY India (Personal Enrichment Program for Students & Youth)
- One Tooth Three Public Health Dentistry (Dental Research wing)
- TRUE Trust (Thiruvaniyoor Rural Upliftment & empowerment Trust)
- Pulayath Associates (Integrated Business Developers)
- Smile Dental Care, Thiruvamkulam
- Punchiri Dental Clinic, Thiruvaniyoor
- Susmitham Dantharogya Kendram, Chottanikkara
- ക്ലാസ്സുകൾ (നേതൃത്വപരിശീലനം, വ്യക്തിത്വവികസനം, ആശയവിനിമയം, പ്രസംഗ പരിശീലനം, മനഃശക്തി), ക്യാമ്പുകൾ (ഡെന്റൽ, ഏകദിനം), ട്രെയിനിംഗ് പ്രോഗ്രാമുകൾ (പബ്ലിക് സ്പീക്കിംഗ്, സ്പീക്കിംഗ് ഇംഗ്ലീഷ്, കസ്റ്റമർ റിലേഷൻ, മൈൻഡ് പവർ) തുടങ്ങിയവ സംഘടിപ്പിക്കുന്നു.
- സ്കൂൾ-കോളേജുകൾ, സാമൂഹിക സംഘടനകൾ റസിഡൻസ് അസ്സോസിയേഷനുകൾ, ക്ലബ്ബുകൾ, കമ്പനികൾ, ആത്മീയ പ്രസ്ഥാനങ്ങൾ, കുടുംബയൂണിറ്റുകൾ, കുടുംബശ്രീ തുടങ്ങിയവർക്ക് അനുയോജ്യം.

*വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക*

**Dr. Civy V. Pulayath** MDS, MBA
CEO, Smile foundation
Ph: 09895677477, drcivy@yahoo.co.in


Chief Editor: Baiju Mathara Mob. 9995215999, Printed & Published by : Jimmy Kavara, Mob: 9567086565
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2778415
E-mail: georgianvoices@gmail.com
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356